കൂടാതെ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാരുടെ തലത്തിൽ വീഡിയോ കോൺഫറൻസുകൾ സംഘടിപ്പിച്ച് ഓരോ തലത്തിലെയും വിവിധ പ്രശ്നങ്ങൾ അപ്പപ്പോൾ പരിഹരിക്കുന്നു. ഇതുകൂടാതെ പദ്ധതികൾ മോണിട്ടർ ചെയ്യാൻ പാസ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലിംസ് (ലബോറട്ടറി ഇൻഫർമേഷൻ സിസ്റ്റം) നടപ്പിലാക്കിയിട്ടുണ്ട്.

ജിഡ ഫണ്ട് ഉപയോഗിച്ചുള്ള വൈപ്പിൻ കുടിവെള്ള പദ്ധതി

194 (2749) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫണ്ട് ഉപയോഗിച്ചുള്ള വൈപ്പിൻ കുടിവെള്ള പദ്ധതിയിലുൾപ്പെട്ട വാട്ടർ ടാങ്കുകളുടെ നിർമ്മാണത്തിന് ഏറെ കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ; ഇനിയും പൂർത്തീകരിക്കാനുള്ള ടാങ്കുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും എത്ര തവണ ഈ പ്രവൃത്തികൾക്ക് സമയം ദീർഘിപ്പിച്ചുനൽകിയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രവൃത്തി പുനരാരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ഡി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ കരാറുകാർക്ക് നൽകുകയും പൂർത്തീകരിക്കേണ്ട ജോലികളുടെ സമയം നിഷ്കർഷിച്ചുകൊണ്ടുള്ള ചാർട്ട് കരാറുകാരിൽനിന്നും ഒപ്പിട്ടുവാങ്ങുകയും ചെയ്തിട്ടുണ്ട്. ഇനിയും പൂർത്തീകരിക്കുവാനുള്ള ടാങ്കുകൾ താഴെ പറയുന്നവയാണ് :

1. എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്ന പദ്ധതിയിലെ മുരിക്കുംപാടത്ത് നിർമ്മിക്കുന്ന 11.80 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി.

LIBRARY ARCHIVES Kerala Legislative Assembly

2. ഞാറയ്ക്കൽ നിർമ്മിക്കുന്ന 17.90 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി.

3. കടമക്കുടി പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ മെച്ചപ്പെടുത്തൽ-പിഴലയിൽ നിർമ്മിക്കുന്ന രണ്ട് ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി.

4. ജിഡ-ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് എടവനക്കാട് നിർമ്മിക്കുന്ന ഉപരിതല ജലസംഭരണി.

(ബി)

1. മുരിക്കുംപാടം ടാങ്കിന് എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ട് രണ്ടുതവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

2. ഞാറയ്ക്കൽ ടാങ്കിനും കടമക്കുടി പഞ്ചായത്തിനുവേണ്ടിയുള്ള പിഴല ടാങ്കിനും എടവനക്കാട് ഉപരിതല സംഭരണിയുടെ പ്രവർത്തിക്കും ഓരോ തവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) അനുവദിച്ചിരുന്ന സമയത്തിനുള്ളിൽ ജോലികൾ പൂർത്തീകരിക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി 5/2015-ലും കടമക്കുടി പഞ്ചായത്തിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്ന പദ്ധതി പൂർണ്ണ തോതിൽ 4/2015-ലും എടവനക്കാട് കുഴുപ്പിള്ളി പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ഉപരിതല ജലസംഭരണി 31-12-2014-ലും പൂർണ്ണതോതിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി

195 (2750) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly